compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 ഡിസംബർ 09
**Tuesday, 09th December 2025**

1201 വൃശ്ചികം 23
**23rd Vrischikam 1201**

1947 അഗ്രഹായനം 18
**18th Agrahayana 1947**

വാല്യം 14
**Vol. XIV**

നമ്പർ / **No.** **49**

## Part III

## Co-Operation Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ക്ലെയിം നോട്ടീസ്**

[1969-ലെ കേരള സംസ്ഥാന സഹകരണ നിയമം ചട്ടം 69(2) പ്രകാരം]

നമ്പർ ARGNTA/2173/2025-UI(4). 2025 നവംബർ 24.

തിരുവനന്തപുരം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ 24-8-2025 തീയതിയിലെ JRGTVM/2293/2025-AEL നമ്പർ ഉത്തരവ് പ്രകാരം നെയ്യാറ്റിൻകര മത്സ്യ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 402-ന്റെ ലിക്വിഡേറ്ററായി എന്നെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സംഘവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അവകാശവാദം ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് തീയതി മുതൽ 2 മാസത്തിനകം നെയ്യാറ്റിൻകര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ലിക്വിഡേറ്ററായ എന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം യാതൊരുവിധ അവകാശവാദവും ഇല്ലായെന്ന നിഗമനത്തിൽ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

ലിക്വിഡേറ്റർ—നെയ്യാറ്റിൻകര മത്സ്യ വ്യവസായ
സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 402
പാറശ്ശാല യൂണിറ്റ് ഇൻസ്പെക്ടർ.

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്, നെയ്യാറ്റിൻകര.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ക്ലെയിം നോട്ടീസ്

[1969-ലെ കേരള സംസ്ഥാന സഹകരണ നിയമം ചട്ടം 69 (2) പ്രകാരം]

നമ്പർ ARGNTA/2172/2025-UI(4). 2025 നവംബർ 24.

തിരുവനന്തപുരം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ 24-8-2025 തീയതിയിലെ JRGTVM/696/2025-AEL നമ്പർ ഉത്തരവ് പ്രകാരം കുളത്തൂർ പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 1228-ന്റെ ലിക്വിഡേറ്ററായി എന്നെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ടി സംഘവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള അവകാശവാദം ഉണ്ടെങ്കിൽ ആയത് ഈ നോട്ടീസ് തീയതി മുതൽ 2 മാസത്തിനകം നെയ്യാറ്റിൻകര അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ലിക്വിഡേറ്ററായ എന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം യാതൊരുവിധ അവകാശവാദവും ഇല്ലായെന്ന നിഗമനത്തിൽ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ-കുളത്തൂർ പഞ്ചായത്ത്
വനിത സഹകരണ സംഘം ക്ലിപ്തം
നമ്പർ റ്റി. 1228 പാറശ്ശാല
യൂണിറ്റ് ഇൻസ്പെക്ടർ.

സഹകരണ സംഘം അസിസ്റ്റന്റ്
രജിസ്ട്രാർ (ജനറൽ) ആഫീസ്,
നെയ്യാറ്റിൻകര.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ക്ലെയിം നോട്ടീസ്**

നമ്പർ PPD-4380/2011. 2025 നവംബർ 24.

ബഹു. ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 23-7-2009 തീയതിയിലെ CS (5)/39689/09 നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം റീജിയണൽ സെൻട്രൽ സഹകരണ സംഘം സ്കൂൾ സഹകരണ സംഘം ലി. നമ്പർ 4380 പ്രവർത്തനം സമാപ്തീകരിക്കുവാൻ തിരുവനന്തപുരം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പാപ്പനംകോട് യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിരുന്നു. ടി സംഘത്തിൽനിന്നും ഏതെങ്കിലും വ്യക്തികൾക്ക് തുകയോ മറ്റ് ആസ്തികളോ ലഭിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തിനകം പാപ്പനംകോട് യൂണിറ്റ് ഇൻസ്പെക്ടറെ/ലിക്വിഡേറ്ററുടെ ആഫീസായ തിരുവനന്തപുരം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ് എന്ന വിവരം എല്ലാവരേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

ലിക്വിഡേറ്റർ/പാപ്പനംകോട് യൂണിറ്റ് ഇൻസ്പെക്ടർ
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്,
തിരുവനന്തപുരം.

സഹകരണ സംഘം
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്,
തിരുവനന്തപുരം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ക്ലെയിം നോട്ടീസ്**

നമ്പർ PPD 3475/2011. 2025 നവംബർ 24.

ബഹു. ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 3-7-2006 തീയതിയിലെ AEL/5298/06 നമ്പർ ഉത്തരവ് പ്രകാരം നേമം കൺസ്യൂമർ സഹകരണ സംഘം ലി. നമ്പർ റ്റി-443-ന്റെ പ്രവർത്തനം സമാപ്തീകരിക്കുവാൻ തിരുവനന്തപുരം സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പാപ്പനംകോട് യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിരുന്നു. ടി സംഘത്തിൽ നിന്നും ഏതെങ്കിലും വ്യക്തികൾക്ക് തുകയോ മറ്റ് ആസ്തികളോ ലഭിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തനകം പാപ്പനംകോട് യൂണിറ്റ് ഇൻസ്പെക്ടറെ/ലിക്വിഡേറ്ററുടെ ആഫീസായ തിരുവനന്തപുരം താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ് എന്ന വിവരം എല്ലാവരെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, (ഒപ്പ്)
തിരുവനന്തപുരം. ലിക്വിഡേറ്റർ/പാപ്പനംകോട് യൂണിറ്റ് ഇൻസ്പെക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**കൊല്ലം ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം**

(ഹാജർ : സുരേഷ് കുമാർ, റ്റി.)

നമ്പർ JRGKLM/3855/2025-CS. 2025 നവംബർ 18.

വിഷയം:—സഹകരണ വകുപ്പ്—ക്യൂ.1084 ഉറുകുന്ന് കൺസ്യൂമർ സഹകരണ സംഘത്തിന്റെ പ്രവർത്തനം സഹകരണ നിയമം 71(2) ബി പ്രകാരം സമാപ്തീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:— (1) പുനലൂർ യൂണിറ്റ് ഇൻസ്പെക്ടർ കേരള സഹകരണ നിയമം വകുപ്പ് 66(1) അനുസരിച്ച് നടത്തിയ പരിശോധന റിപ്പോർട്ട്.

(2) പുനലൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ടെ 8-7-2025 ലെ ARGPNR/65/2025 നമ്പർ കത്ത്.

പുനലൂർ താലൂക്കിൽ ഉൾപ്പെട്ട ക്യൂ. 1084 ഉറുകുന്ന് കൺസ്യൂമർ സഹകരണ സംഘം (ക്ലിപ്തം)-ന്റെ പ്രവർത്തനം, ഘടന, സാമ്പത്തികസ്ഥിതി എന്നിവ സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 66 (1) പ്രകാരം പുനലൂർ യൂണിറ്റ് ഇൻസ്പെക്ടർ നടത്തിയ പരിശോധനയിൽ ടി സംഘം പ്രവർത്തന രഹിതമാണെന്നും സംഘത്തിന്റെ റിക്കോർഡുകൾ ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശീയമായി നടത്തിയ അന്വേഷണത്തിൽ സംഘം ആഫീസോ അംഗങ്ങളെയോ ഒന്നും തന്നെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതാണെന്നും ടി സംഘം ആഡിറ്റ് ചെയ്യുന്നതിന് റിക്കോർഡുകൾ ഒന്നും ലഭ്യമല്ലാത്തതിനാൽ 2005-06 മുതൽ ആർ.എൻ.എ-യിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണെന്നുള്ള വിവരവും നൽകിയിട്ടുള്ളതുമാണ്.

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അഞ്ചൽ ശാഖയിൽ 19-3-2025 ൽ ഈ സംഘത്തിന്റെ അക്കൗണ്ട് ബാക്കിനിൽപ്പിന്റെ സ്ഥിരീകരണ കത്തും നൽകിയിട്ടുള്ളതാണ്. ടി സംഘത്തിന്റെ അക്കൗണ്ടിൽ തുകകൾ ഒന്നും തന്നെ നിലവിൽ ഇല്ല എന്ന് ബ്രാഞ്ച് മാനേജർ സ്ഥിരീകരണ റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്.

ഉറുകുന്ന് കൺസ്യൂമർ സഹകരണ സംഘം (ക്ലിപ്തം) ക്യൂ. 1084-ന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് യാതൊരു രേഖകളും ലഭ്യമാകാത്തതിനാൽ സംഘം പുനരുജ്ജീവിപ്പിച്ച് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം ആണ് നിലനിൽക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടതിനാലും ടി സംഘത്തെ ലിക്വിഡേഷൻ നടപടികൾക്ക് വിധേയമാക്കാവുന്നതാണെന്ന് സൂചന (1) പ്രകാരം പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ 1969-ലെ സഹകരണ നിയമം വകുപ്പ് 71 (2) ബി പ്രകാരം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം പുനലൂർ ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിരിക്കുന്നു. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ക്യൂ 1084 ഉറുകുന്ന് കൺസ്യൂമർ സഹകരണ സംഘം (ക്ലിപ്തം)-ന്റെ ആസ്തി ബാധ്യതകൾ നിർണ്ണയിച്ച് സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് പുനലൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പുനലൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടിയാൻ ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കി വിവരം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്,
കൊല്ലം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൊല്ലം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം

(ഹാജർ: സുരേഷ് കുമാർ, റ്റി.)

നമ്പർ JRGKLM/4137/2025-HM Kdis. 2025 നവംബർ 24.

വിഷയം:—സഹകരണ വകുപ്പ്—ക്യു. 1290 കൊല്ലം കാഷ്യുനട്ട് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം—സമാപ്തീകരിക്കുന്നത്—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ കലയ്ക്കോട് എസ്.സിബി സ്പെഷ്യൽ സെയിലാഫീസർ ശ്രീമതി ഉഷാകുമാരി 12-3-2025-ൽ സമർപ്പിച്ച വകുപ്പ് 66 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട്.

(2) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൊല്ലത്തിന്റെ 11-7-2025-ലെ ARGKLM/1708/2025-UI(9) നമ്പർ കത്ത്.

ക്യു. 1290 കൊല്ലം കാഷ്യുനട്ട് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തത്തെ സമാപ്തീകരിക്കുന്നതിന് സൂചന (1) പ്രകാരമുള്ള സഹകരണ നിയമം വകുപ്പ് 66(1) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ ഇരവിപുരം ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന ക്യു. 1290 കൊല്ലം കാഷ്യുനട്ട് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തത്തിന്റെ പ്രവർത്തനം, ഘടന, സാമ്പത്തിക സ്ഥിതി എന്നിവ സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 66(1) പ്രകാരം കലയ്ക്കോട് എസ്.സിബി സ്പെഷ്യൽ സെയിലാഫീസർ നടത്തിയ പരിശോധനയിൽ ടി സംഘം പ്രവർത്തന രഹിതമാണെന്നും, നിലവിൽ ഭരണ സമിതിയില്ലെന്നും, 2023-2024 വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റും നാൾവഴിയും മാത്രമാണ് പരിശോധനയ്ക്കായി ലഭിച്ചിട്ടുള്ളതെന്നും, മറ്റ് രേഖകളൊന്നും ലഭ്യമല്ലായെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ കഴിയാത്തതിനാലും സംഘം പുനരുജ്ജീവിപ്പിച്ച് പ്രവർത്തനം നടത്തുന്നതിന് ആരും തന്നെ മുന്നോട്ട് വരാത്തതുമായ സാഹചര്യത്തിലും ടി സംഘത്തിന്റെ പ്രവർത്തനം കേരള സഹകരണ നിയമം വകുപ്പ് 71(2) ബി വകുപ്പ് പ്രകാരം സമാപ്തീകരിക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിരിക്കുന്നു. മേൽ സാഹചര്യത്തിൽ ചുവടെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

ക്യു. 1290 കൊല്ലം കാഷ്യുനട്ട് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തത്തെ സമാപ്തീകരിക്കുന്നതിന് കൊല്ലം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ പെരിനാട് യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടിയാൻ ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ഒപ്പ്)
(ജനറൽ) ആഫീസ്, കൊല്ലം. ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ക്ലെയിം നോട്ടീസ്**

[കേരള സഹകരണ നിയമം ചട്ടം 69(2) പ്രകാരം]

നമ്പർ ARGKTM/1020/2025-UI(3). 2025 സെപ്റ്റംബർ 20.

ബഹു. ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 4-8-2025 തീയതിയിലെ JRGKTM/843/2024-AEL നമ്പർ ഉത്തരവ് പ്രകാരം കെ 1136 പനച്ചിക്കാട് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം-ന്റെ ലിക്വിഡേറ്ററായി കോട്ടയം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കുമരകം യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുള്ളതാണ്. ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും തുക ലഭിക്കുവാനുണ്ടെങ്കിൽ ടി വിവരം ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന തീയതി മുതൽ 60 ദിവസത്തിനുള്ളിൽ നേരിട്ടോ ചുമതലപ്പെടുത്തുന്ന ഏജന്റ് മുഖാന്തിരമോ ലിക്വിഡേറ്ററെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ടി സംഘത്തിലേക്ക് എന്തെങ്കിലും ഇനത്തിൽ അടയ്ക്കുവാനുണ്ടെങ്കിൽ അടയ്ക്കാനുള്ള തുക ഒരു മാസത്തിനകം നേരിട്ട് അടച്ച് രസീത് വാങ്ങേണ്ടതാണെന്നും ഇതിനാൽ പൊതുജനങ്ങളെയും സംഘാംഗങ്ങളെയും അറിയിച്ചുകൊള്ളുന്നു.

സംഘത്തിന്റെ എല്ലാ ആസ്തി ബാധ്യതകളും ഈ ക്ലെയിം നോട്ടീസ് പ്രകാരം ലിക്വിഡേറ്റർ എന്ന നിലയിൽ എന്നിൽ നിക്ഷിപ്തമായിരിക്കുന്നതും സംഘത്തിന്റെ ഏതൊരു ആസ്തിയും മേലിൽ മറ്റാരും കൈകാര്യം ചെയ്യാൻ പാടില്ലാത്തതും ആരുടെയെങ്കിലും കൈവശം സംഘം ആസ്തികൾ നിലവിലുണ്ടെങ്കിൽ ആയത് ഉടൻതന്നെ ലിക്വിഡേറ്റർക്ക് കൈമാറേണ്ടതുമാണെന്ന വിവരം ഏവരെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

ലിക്വിഡേറ്റർ,
കെ 1136 പനച്ചിക്കാട് ലേബർ കോൺട്രാക്ട്
സഹകരണ സംഘം ക്ലിപ്തം
കുമരകം യൂണിറ്റ് ഇൻസ്പെക്ടർ.

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ആഫീസ്, കോട്ടയം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**മലപ്പുറം ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ നടപടിക്രമം**

(ഹാജർ : ശ്രീ. സുരേന്ദ്രൻ ചെമ്പ്ര)

നമ്പർ JRMPM/610/2025-HMC2. 2025 നവംബർ 17.

വിഷയം :—തുഞ്ചൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജ് കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ എം.325-ന്റെ പ്രവർത്തനം സമാപ്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

പരാമർശം :—(1) ഈ കാര്യാലയത്തിലെ 22-2-2023-ലെ JRMPM/2045/2021- HMC2 നമ്പർ ഉത്തരവ്.

(2) തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 27-10-2023-ലെ ARGTIR/392/2023-UI(3) നമ്പർ കത്തും, വകുപ്പ് 66 പരിശോധന റിപ്പോർട്ടും.

(3) ഈ കാര്യാലയത്തിലെ 20-6-2024-ലെ JRMPM/2045/2021-HMC2 നമ്പർ കത്ത്.

(4) തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 6-8-2025-ലെ ARGTIR/221/2025-UI(3) നമ്പർ കത്ത്.

(5) തുഞ്ചൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾ (ഇൻ ചാർജ്)-ന്റെ 28-7-2025-ലെ A2/1813/2024/TMGCTRR നമ്പർ കത്ത്.

(6) ഈ കാര്യാലയത്തിലെ 22-9-2025-ലെ JRMPM/610/2025-HMC2 നമ്പർ നോട്ടീസ്.

തുഞ്ചൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജ് കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ എം.325-ൽ 2020-21 വർഷത്തെ ആഡിറ്റ് വേളയിൽ സമർപ്പിച്ച സ്പെഷ്യൽ റിപ്പോർട്ട് പരിശോധിച്ച് സംഘത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയോ, അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയോ നിലവിലില്ല എന്നും, സംഘത്തിന്റെ നിയമാവലി, മിനുട്സ് ബുക്ക്, നാൾവഴി, സ്റ്റോക്ക് രജിസ്റ്റർ, അംഗത്വ രജിസ്റ്റർ എന്നിവ ഒന്നും സൂക്ഷിച്ചിട്ടില്ലെന്നും, ജില്ലാബാങ്കിലെയും പോസ്റ്റ് ഓഫീസിലേയും പാസ്സ് ബുക്കുകളും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ലെന്നും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) റിപ്പോർട്ട് ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ റിക്കാർഡുകൾ എഴുതി തയ്യാറാക്കൽ, സംഘത്തിന്റെ പൊതുവായ പ്രവർത്തനം എന്നിവ സംബന്ധിച്ച് കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരമുള്ള വിശദ പരിശോധന നടത്തുന്നതിന് പരാമർശം(1) പ്രകാരം ഉത്തരവാകുകയും പരിശോധന പൂർത്തിയാക്കി പരാമർശം (2) പ്രകാരം പരിശോധന ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

20-2-1985-ന് രജിസ്റ്റർ ചെയ്യപ്പെട്ട സംഘത്തിൽ വകുപ്പ് 66 പ്രകാരം പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ സംഘം നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും 2010-ന് ശേഷം സംഘത്തിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അല്ലാതെ മറ്റൊന്നും നിലവിലില്ല എന്നും മിനുട്സ് ബുക്ക് പിശോധനയ്ക്ക് ലഭിക്കാത്തതിനാൽ മുമ്പ് ആർക്കൊക്കെയാണ് സംഘത്തിന്റെ ചുമതല ഉണ്ടായിരുന്നതെന്നും ഭരണസമിതി അംഗങ്ങൾ ആരൊക്കെയായിരുന്നുവെന്നും ഭരണസമിതിയുടെ കാലാവധി എന്ന് അവസാനിച്ചുവെന്നുള്ള കാര്യങ്ങൾ ലഭ്യമല്ലെന്നും അതിനാൽ പരിശോധന ഉത്തരവിൽ പറഞ്ഞ കാര്യങ്ങൾ പരിശോധിക്കുവാൻ സാധിച്ചിട്ടില്ലെന്നും സംഘത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും 2019-20 മുതലുള്ള നാൾവഴി, 2007-08 വർഷം മുതലുള്ള ആഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ മാത്രമാണ് നിലവിൽ ചാർജ്ജുള്ള അധ്യാപകന് കൈമാറി കിട്ടിയത് എന്നും റിപ്പോർട്ട് ചെയ്തിരുന്നു. അതിനാൽ സംഘത്തെ പുനരുജ്ജീവിപ്പിക്കാനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാൻ പരാമർശം (3) പ്രകാരം തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന് നിർദ്ദേശം നൽകിയിരുന്നു.

കോളേജ് കൗൺസിൽ യോഗത്തിൽ തുഞ്ചൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജ് കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ എം.325 ലിക്വിഡേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ലിക്വിഡേറ്റ് ചെയ്യുന്നതിന് തുടർ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോളേജ് പ്രിൻസിപ്പാൾ പരാമർശം (5) പ്രകാരം കത്ത് നൽകിയിട്ടുണ്ടെന്നും സംഘത്തിന് പുനരുജ്ജീവന സാധ്യത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉണ്ടോ എന്ന് പരിശോധിച്ചതിൽ സംഘത്തിൽ ചട്ടം 29 പ്രകാരം സൂക്ഷിക്കേണ്ട യാതൊരുവിധ രജിസ്റ്ററുകളും നിയമാവലിയും ലഭ്യമല്ലായെന്നും സംഘത്തിന് പുനരുജ്ജീവന സാധ്യത ഇല്ല എന്നും പരാമർശം (4) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വർഷങ്ങളായി പ്രവർത്തനരഹിതമായി നിലനിൽക്കുന്ന സംഘത്തിൽ ചട്ടം 29 പ്രകാരം സൂക്ഷിക്കേണ്ട യാതൊരു വിധ രജിസ്റ്ററുകളും നിയമാവലിയും ലഭ്യമല്ലാത്തതിനാലും കോളേജ് കൗൺസിൽ യോഗത്തിൽ സംഘം സമാപ്തീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാലും സംഘത്തിന് പ്രവർത്തന സാധ്യത ഇല്ലാത്തതിനാലും സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമെന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

വർഷങ്ങളായി പ്രവർത്തനരഹിതമായി നിലനിൽക്കുന്ന തുഞ്ചൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജ് കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ എം.325-നെ പുനരുജ്ജീവിപ്പിക്കുന്നതിന് സാധ്യത ഇല്ലാത്തതിനാൽ വകുപ്പ് 71(1) പ്രകാരം സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതായിരിക്കും ഉചിതമായ നടപടിയെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിൽ സംഘം പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 പ്രകാരം നിർത്തൽ ചെയ്യുന്നതിന് മുന്നോടിയായി സ്പെഷ്യൽ ഓഫീസർ, കേരള ബാങ്ക് മലപ്പുറം (പാലക്കാട് റീജിയണൽ), തിരൂർ സർക്കിൾ സഹകരണ യൂണിയൻ എന്നിവരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് പരാമർശം (6) പ്രകാരം നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ നിശ്ചിത സമയത്തിനകം ആരും തന്നെ നിവേദനമോ അഭിപ്രായമോ ബോധിപ്പിക്കുകയുണ്ടായില്ല.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71(1) പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് തുഞ്ചൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജ് കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ എം.325-ന്റെ പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 72(1) പ്രകാരം തിരൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ താനൂർ യൂണിറ്റ് ഇൻസ്പെക്ടറെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഉടൻതന്നെ സംഘത്തിന്റെ ചാർജ്ജ് ഏറ്റെടുക്കേണ്ടതും, ചാർജ്ജെടുത്ത തീയതിയിലെ ബാക്കിപത്രം, ലഭ്യമായ ആഡിറ്റ് റിപ്പോർട്ട്, ചാർജ്ജ് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതും സഹകരണ സംഘം നിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് വിധേയമായി, ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതും, ചട്ടം 69 (4) പ്രകാരമുള്ള ത്രൈമാസ പുരോഗതി റിപ്പോർട്ട് യഥാസമയം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

സഹകരണ സംഘം
ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ
കാര്യാലയം, മലപ്പുറം.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ക്ലെയിം നോട്ടീസ്**

[1969-ലെ കേരള സഹകരണ നിയമം ചട്ടം 69(2) പ്രകാരം]

നമ്പർ ARGTLU-727/2025/UI (2). 2025 നവംബർ 17.

ക്ലിപ്തം നമ്പർ സി. 1610 തളിപ്പറമ്പ് റബ്ബർ ആന്റ് അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ടും തളിപ്പറമ്പ് അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ ആഫീസിലെ തളിപ്പറമ്പ് യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും കണ്ണൂർ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 30-7-2025 തീയതിയിലെ 1317/2025/എ.ഇ.എൽ/ കെ.ഡിസ്. നമ്പർ നടപടി പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സഹകരണ സംഘത്തിൽ നിന്നും തുകയോ, അവകാശമോ ആർക്കെങ്കിലും ലഭിക്കുവാനുണ്ടെങ്കിൽ അതുസംബന്ധിച്ചുള്ള വിശദവിവരങ്ങൾ തെളിവുകൾ സഹിതം ഈ അറിയിപ്പ് പ്രസിദ്ധപ്പെടുത്തിയ തീയതിമുതൽ മൂന്ന് മാസത്തിനകം ലിക്വിഡേറ്റർക്ക് സമർപ്പിക്കേണ്ടതാണെന്ന് എല്ലാ സംഘം മെമ്പർമാരെയും പൊതുജനങ്ങളേയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ,
തളിപ്പറമ്പ് റബ്ബർ ആന്റ് അഗ്രികൾച്ചറൽ മാർക്കറ്റിംഗ്
സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 1610/
യൂണിറ്റ് ഇൻസ്പെക്ടർ, തളിപ്പറമ്പ്.

സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ഓഫീസ്, തളിപ്പറമ്പ്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.12.08 04:23:56 +05:30